## തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# ആട്ടോയിൽ കറങ്ങി നടന്ന് അനധികൃത മദ്യവിൽപ്പന: ഒരാൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 285 പേർക്കെതിരെ നിയമ നടപടി 47,200/- രൂപ പിഴ ഈടാക്കി



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഷാജി (49)

തിരുവനന്തപുരം:- ആട്ടോറിക്ഷയിൽ കറങ്ങി നടന്ന് അനധികൃതമായി വിദേശമദ്യ വിൽപ്പന നടത്തിവന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കോട്ടപ്പുറം റജി ഭവനിൽ ഷാജി (49) യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റു ചെയ്തത്. ഇയാൾ ബിവറേജ് ഔട്ട്ലെറ്റിൽ നിന്നും വിദേശമദ്യം വാങ്ങി ഫോണിലൂടെ ബന്ധപ്പെടുന്ന ആവശ്യക്കാർക്ക് മദ്യം സ്ഥലത്ത് എത്തിച്ച് വിൽപ്പന നടത്തി വരികയായിരുന്നു. ഇത്തരത്തിൽ മദ്യം കൂടുതൽ വിലയ്ക്ക് കുപ്പിയായും, പെഗ് ആയി ഒഴിച്ചു കൊടുത്തും, വിറ്റു വന്നിരുന്ന ഷാജിയെക്കുറിച്ച് വിഴിഞ്ഞം എസ് എച്ച് ഒയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. ഇയാളുടെ ആട്ടോറിക്ഷയും വിൽപ്പനയ്ക്കായി

സൂക്ഷിച്ചിരുന്ന 4 ലിറ്ററോളം വിദേശമദ്യവും പോലീസ് കസ്റ്റഡിയിലെടുത്തു. വിഴിഞ്ഞം എസ് എച്ച് ഒ പ്രവീൺ, എസ് ഐ സജി, സി.പി.ഒ മാരായ അജികുമാർ, അനിൽകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (17-10-2020) പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 285 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. ഇതിൽ കോവിഡ് പ്രോട്ടോകോൾ ലംഘനം കണ്ടെത്തി നടപടി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ട സെക്ടറൽ മജിസ്ട്രേറ്റുമാർ പോലീസുമായി ചേർന്ന് നടത്തിയ പരിശോധനയിൽ നഗരത്തിൽ ഇന്നലെ 19 പേർക്കെതിരെ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 38 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 226 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 10 പേരിൽ നിന്നുമായി 47,200/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 6 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 5 കടകൾക്കുമെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും

രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

17-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

OFFICE OF THE COMMISSIONER OF POLICE ★ THIRUVANANTHAPURAM CITY ★ Government of Kerala

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി